**മധുരമായ കുട്ടികളെ - ഇത് നിങ്ങളുടെ മർജീവ ജന്മമാണ്, നിങ്ങൾ ഈശ്വരനായ അച്ഛനിൽ നിന്ന് സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ്, നിങ്ങൾക്ക് വളരെ വലിയ *ലോട്ടറി* ലഭിച്ചിരിക്കുന്നു, അതുകൊണ്ട് അപാര സന്തോഷത്തിൽ കഴിയണം**

**ചോദ്യം:-** സ്വയം അവനവന് ഏതൊരു വിവേകം നൽകുകയാണെങ്കിൽ ചിന്ത സമാപ്തമാകും? ദേഷ്യം പൊയ്പ്പോകും?

**ഉത്തരം:-** നമ്മൾ ഈശ്വരന്റെ സന്താനങ്ങളാണ്, നമുക്ക് ബാബയ്ക്ക് സമാനം മധുരമാകണം. എങ്ങനെയാണോ ബാബ മധുര രൂപത്തിൽ മനസ്സിലാക്കി തരുന്നത്, ദേഷ്യപ്പെടുന്നില്ല, ഇങ്ങനെ നമുക്കും പരസ്പരം മധുരമായി കഴിയണം. ഉപ്പുവെള്ളമാകരുത് എന്തുകൊണ്ടെന്നാൽ അറിയാം ഏത് *സെക്കന്റാണോ* കടന്ന് പോയത്, ആ *പാർട്ട് ഡ്രാമയിൽ* ഭാഗമായിരുന്നു, എന്ത് കാര്യത്തെക്കുറിച്ച് വിഷമിക്കാനാണ്. ഇങ്ങനെയിങ്ങനെ സ്വയം അവനവന് മനസ്സിലാക്കിക്കൂ എങ്കിൽ ചിന്ത ഇല്ലാതാകും. ദേഷ്യം ഓടിപ്പോകും.

**ഗീതം:-** ഇത് തന്നെയാണ് വസന്തം. . . .

**ഓം ശാന്തി**. ഇത് ഈശ്വരീയ സന്താനങ്ങളുടെ സന്തോഷത്തിന്റെ മഹിമാഗാനമാണ്. ഇത്രയും സന്തോഷത്തിന്റെ മഹിമ പാടാൻ സത്യയുഗത്തിൽ നിങ്ങൾക്ക് സാധിക്കില്ല. ഇപ്പോൾ നിങ്ങൾക്ക് സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് വലുതിലും വലിയ *ലോട്ടറി*. *ലോട്ടറി* ലഭിക്കുമ്പോൾ സന്തോഷമുണ്ടാകുന്നു. ഈ *ലോട്ടറിയിലൂടെ* നിങ്ങൾ ജന്മ-ജന്മാന്തരം സ്വർഗ്ഗത്തിൽ സുഖം അനുഭവിച്ചു കൊണ്ടിരിക്കുന്നു. ഇതാണ് നിങ്ങളുടെ മർജീവ ജന്മം. ആരാണോ ജീവിച്ചിരിക്കെ മരിക്കാത്തത്, അവരുടേത് മർജീവാ ജന്മമെന്ന് പറയില്ല. അവരുടെ സന്തോഷത്തിന്റെ രസവും ഉയരുകയില്ല. ഏതുവരെ മർജീവയാകുന്നില്ലയോ അർത്ഥം ബാബയെ തന്റേതാക്കുന്നില്ലയോ, അതുവരെ പൂർണ്ണമായ സമ്പത്തും ലഭിക്കുകയില്ല. ആരു ബാബയുടേതാകുന്നുവോ, ആരു ബാബയെ ഓർമ്മിക്കുന്നുവോ അവരെ ബാബയും ഓർമ്മിക്കുന്നു. നിങ്ങൾ ഈശ്വരീയ സന്താനമാണ്. നിങ്ങൾക്ക് ലഹരിയുണ്ട് നമ്മൾ ഈശ്വരനായ ബാബയിൽ നിന്ന് സമ്പത്ത് അർത്ഥം വരം നേടിക്കൊണ്ടിരിക്കുകയാണ്, ഇതിന് വേണ്ടിയാണ് ഭക്തർ ഭക്തി മാർഗ്ഗത്തിൽ കഷ്ടപ്പാട് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ബാബയെ കാണുന്നതിനായി അനേകാനേകം ഉപായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. എത്ര വേദങ്ങളും, ശാസ്ത്രങ്ങളും, *മാഗസിനുകളും* തുടങ്ങി ഒരുപാട് പഠിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ലോകം ദിനം പ്രതി ദുഃഖിയായി തന്നെയാണ് മാറുന്നത്, ലോകത്തിന് തമോപ്രധാനമാകുക തന്നെ വേണം. ഇത് മുള്ളു മരമല്ലേ. മുള്ളുകളുടെ നാഥൻ വീണ്ടും വന്ന് മുള്ളുകളിൽ നിന്ന് പുഷ്പമാക്കുന്നു. വളരെ വലിയ-വലിയ മുള്ളുകളായിരിക്കുന്നു. വളരെ ശക്തിയോടെയാണ് പ്രയോഗിക്കുന്നത്. അതിന് അനേക പ്രകാരത്തിലുള്ള പേരുകളും നൽകിയിരിക്കുന്നു. സത്യയുഗത്തിൽ ഇത് ഉണ്ടായിരിക്കില്ല. ബാബ മനസ്സിലാക്കി തരുന്നു - ഇതാണ് മുള്ളുകളുടെ ലോകം. പരസ്പരം ദുഃഖം നൽകിക്കൊണ്ടിരിക്കുന്നു. വീട്ടിൽ കുട്ടികൾ പോലും ഇത്രയും കുപുത്രരാകുന്നു കാര്യം തന്നെ പറയണ്ട. മാതാ-പിതാക്കളെ വളരെ ദുഃഖിപ്പിക്കുന്നു. എല്ലാവരും ഒരുപോലെയുമല്ല. ഏറ്റവും കൂടുതൽ ദുഃഖം തരുന്നത് ആരാണ്? ഇത് മനുഷ്യർക്കറിയില്ല. ബാബ പറയുന്നു ഈ ഗുരുക്കൻമാർ ബാബയുടെ മഹിമ ഇല്ലാതാക്കിയിരിക്കുന്നു. നമ്മൾ ബാബയുടെ വളരെ മഹിമയാണ് ചെയ്യുന്നത്. ബാബ പരമ പൂജ്യ പരംപിതാ പരമാത്മാവാണ്. ശിവന്റെ ചിത്രവും വളരെ നല്ലതാണ്. എന്നാൽ ധാരാളം പേർ ശിവൻ ഇങ്ങനെയുള്ള ജ്യോതിർ ബിന്ദുവാണെന്ന് അംഗീകരിക്കില്ല എന്തുകൊണ്ടെന്നാൽ അവർ ആത്മാവ് തന്നെയാണ് പരമാത്മാവ് എന്നാണ് പറയുന്നത്. ആത്മാവ് അതി സൂക്ഷ്മമാണ് അത് ഭൃകുടി മദ്ധ്യത്തിലാണ് ഇരിക്കുന്നത്, പിന്നീട് ഇത്രയും വലിയ പരമാത്മാവ് വരുന്നത് എങ്ങനെ സാധ്യമാകും? ധാരാളം വിദ്വാൻമാരും, ആചാര്യൻമാരും ബി. കെ കളെ പരിഹസിക്കുന്നു, അതായത് പരമാത്മാവിന് ഇങ്ങനെയുള്ള രൂപമായിരിക്കില്ല. പരമാത്മാവ് അഖണ്ഢ ജ്യോതിർമയ തത്വം ആയിരം സൂര്യൻമാരെക്കാളും തേജോമയനാണ്. വാസ്തവത്തിൽ ഇത് തെറ്റാണ്. പരമാത്മാവിന്റെ ശരിയായ മഹിമ ബാബ സ്വയം തന്നെ പറഞ്ഞ് തരുന്നു. ബാബ മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്. ഈ സൃഷ്ടി ഒരു തലകീഴായ വൃക്ഷമാണ്. സത്യ, ത്രേതായുഗത്തിൽ ബാബയെ ആരും ഓർമ്മിക്കുന്നില്ല. എപ്പോഴാണോ മനുഷ്യർക്ക് ദുഃഖമുണ്ടാകുന്നത് അപ്പോഴാണ് ബാബയെ ഓർമ്മിക്കുന്നത് - അല്ലയോ ഭഗവാൻ, അല്ലയോ പരംപിതാ പരമാത്മാ ദയ കാണിക്കൂ. സത്യ ത്രേതായുഗത്തിൽ ദയ യാചിക്കുന്ന ആരും തന്നെ ഉണ്ടായിരിക്കില്ല. അത് രചയിതാവായ ബാബയുടെ പുതിയ രചനയാണ്. ഇങ്ങനെയുള്ള ബാബയുടെ മഹിമ തന്നെ അപരം

അപാരമാണ്. ജ്ഞാനത്തിന്റെ സാഗരൻ, പതിത-പാവനനാണ്. ജ്ഞാനത്തിന്റെ സാഗരനാണെങ്കിൽ തീർച്ചയായും ജ്ഞാനം നൽകിയിട്ടുണ്ടായിരിക്കും. ബാബ സത് ചിത് ആനന്ദ സ്വരൂപമാണ്. ചൈതന്യമാണ്. ജ്ഞാനവും ചൈതന്യ ആത്മാവ് തന്നെയാണ് ധാരണ ചെയ്യുന്നത്. ചിന്തിക്കൂ നമ്മൾ ശരീരം ഉപേക്ഷിക്കുകയാണ് അപ്പോൾ ജ്ഞാനത്തിന്റെ സംസ്ക്കാരം ആത്മാവിൽ തീർച്ചയായും ഉണ്ടായിരിക്കും. കുട്ടിയാകുമ്പോഴും ആ സംസ്ക്കാരം ഉണ്ടായിരിക്കും, എന്നാൽ അവയവം ചെറുതായത് കൊണ്ട് പറയാൻ സാധിക്കില്ല. ശരീരം വലുതാകുമ്പോൾ ഓർമ്മിപ്പിക്കുന്നു, അപ്പോൾ സ്മൃതി വരുന്നു. ചെറിയ കുട്ടി പോലും ശാസ്ത്രങ്ങൾ മുതലായവ ചൊല്ലാറുണ്ട്. ഇതെല്ലാം പൂർവ്വ ജന്മ സംസ്ക്കാരങ്ങളാണ്. ഇപ്പോൾ ബാബ നമുക്ക് തന്റെ ജ്ഞാനത്തിന്റെ സമ്പത്ത് നൽകുന്നു. മുഴുവൻ സൃഷ്ടിയുടെയും ജ്ഞാനം ബാബയുടെ പക്കലുണ്ട് എന്തുകൊണ്ടെന്നാൽ ബാബ ബീജരൂപനാണ്. നമ്മൾ നമ്മളെ ബീജരൂപനെന്ന് പറയില്ല. വിത്തിൽ തീർച്ചയായും വൃക്ഷത്തിന്റെ ആദി- മദ്ധ്യ-അന്ത്യത്തിന്റെ അറിവുണ്ടായിരിക്കുമല്ലോ. അതുകൊണ്ട് സ്വയം ബാബ പറയുന്നു ഞാൻ സൃഷ്ടിയുടെ ബീജരൂപനാണ്. ഈ വൃക്ഷത്തിന്റെ വിത്ത് മുകളിലാണ്. ആ ബാബ സത് ചിത് ആനന്ദ സ്വരൂപനാണ്, ജ്ഞാനത്തിന്റെ സാഗരനാണ്. സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ തന്നെ ജ്ഞാനമായിരിക്കും ബാബയിലുണ്ടായിരിക്കുക. അല്ലാതെ മറ്റെന്താണ് ഉണ്ടാകുക! എന്താ ശാസ്ത്രങ്ങളുടെ ജ്ഞാനമായിരിക്കുമോ? അത് ധാരാളം പേരിലുണ്ട്. പരമാത്മാവിന്റേത് തീർച്ചയായും എന്തെങ്കിലും പുതിയ കാര്യമായിരിക്കില്ലേ. അത് ഒരു വിദ്വാൻ മുതലായവർക്കും അറിയില്ല. ആരോടും ചോദിക്കൂ - ഈ സൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ഉത്പത്തിയും, പാലനയും, സംഹാരവും എങ്ങനെയാണ് നടക്കുന്നത്, ഇതിന്റെ ആയുസ്സ് എത്രയാണ്, ഇതെങ്ങനെയാണ് വൃദ്ധി പ്രാപിക്കുന്നത്...... തീർത്തും ആർക്കും തന്നെ മനസ്സിലാക്കി തരാൻ സാധിക്കില്ല.

ഒരു ഗീത തന്നെയാണ് സർവ്വ ശാസ്ത്രങ്ങളുടെയും ശിരോമണി, ബാക്കി എല്ലാം ഗീതയുടെ മക്കളും പേരക്കുട്ടികളുമാണ്. അങ്ങനെയുള്ള ഗീത പഠിക്കുന്നതിലൂടെ പോലും ഒന്നും തന്നെ മനസ്സിലാക്കുന്നില്ലെങ്കിൽ മറ്റ് ശാസ്ത്രങ്ങൾ പഠിക്കുന്നതിലൂടെ എന്ത് പ്രയോജനമാണുള്ളത്? സമ്പത്ത് ലഭിക്കേണ്ടത് ഗീതയിൽ നിന്ന് തന്നെയാണ്. ഇപ്പോൾ ബാബ മുഴുവൻ *ഡ്രാമയുടെയും* രഹസ്യം മനസ്സിലാക്കി തരുന്നു. ബാബ കല്ലുബുദ്ധിൽ നിന്ന് പവിഴബുദ്ധിയാക്കി പവിഴനാഥനാക്കുന്നു. ഇപ്പോൾ എല്ലാവരും കല്ലുബുദ്ധികളും, കല്ല്നാഥൻമാരുമാണ്. എന്നാൽ അവർ സ്വയം വലിയ-വലിയ പേരുകൾ നൽകി സ്വയം പവിഴബുദ്ധിയാണെന്ന് കരുതി ഇരിക്കുന്നു. ബാബ മനസ്സിലാക്കി തരുന്നു എന്റെ മഹിമ എല്ലാത്തിൽ നിന്നും വേറിട്ടതാണ്. ഞാൻ ജ്ഞാനത്തിന്റെ സാഗരൻ, ആനന്ദത്തിന്റെ സാഗരൻ, സുഖത്തിന്റെ സാഗരനാണ്. ഇങ്ങനെയുള്ള മഹിമ നിങ്ങൾ ദേവതകൾക്ക് നൽകാൻ സാധിക്കില്ല. ഭക്തർ ദേവതകളുടെ മുന്നിൽ പോയി പറയും അങ്ങ് സർവ്വഗുണ സമ്പന്നരാണ്...... ബാബയുടേത് ഒരേഒരു മഹിമയാണ്. അതും നമുക്കറിയാം. ഇപ്പോൾ നമ്മൾ ക്ഷേത്രത്തിൽ പോകുകയാണെങ്കിൽ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട് അതായത് ഇവർ പൂർണ്ണമായും 84 ജന്മങ്ങൾ എടുത്തിട്ടുണ്ടായിരിക്കും. ഇപ്പോൾ നിങ്ങൾക്ക് എത്ര സന്തോഷമുണ്ട്. മുൻപ് ഒരിക്കലും ഈ ചിന്ത വന്നിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് നമുക്ക് ഇതുപോലെയാകണം. ബുദ്ധിയിൽ വളരെ പരിവർത്തനം വരുന്നു.

ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു - പരസ്പരം വളരെ മധുരമാകൂ, ഉപ്പുവെള്ളമാകരുത്. എന്താ ബാബ എപ്പോഴെങ്കിലും ആരോടെങ്കിലും ദേഷ്യപ്പെടുന്നുണ്ടോ? വളരെ മധുരമായ രൂപത്തിൽ അറിവ് നൽകുന്നു. ഒരു *സെക്കന്റ്* കടന്ന് പോയാൽ പറയും ഇതും *ഡ്രാമയിൽ ഭാഗമായിരുന്നു*. അതിനെക്കുറിച്ച് എന്ത് ചിന്തിക്കണം. ഇങ്ങനെ-ഇങ്ങനെ സ്വയത്തിന് മനസ്സിലാക്കി കൊടുക്കണം. നിങ്ങൾ ഈശ്വരീയ സന്താനം ഒട്ടും കുറഞ്ഞവരല്ല. ഇത് മനസ്സിലാക്കാൻ സാധിക്കും ഈശ്വരീയ സന്താനം തീർച്ചയായും ഈശ്വരനോടൊപ്പമായിരിക്കും കഴിഞ്ഞിട്ടുണ്ടായിരിക്കുക. ഈശ്വരൻ നിരാകാരനാണെങ്കിൽ അവരുടെ മക്കളും നിരാകാരരായിരിക്കും. അതേ സന്താനമാണ് ഇവിടെ വേഷം ധരിച്ച് *പാർട്ടഭിനയിക്കുന്നത്*. സ്വർഗ്ഗത്തിൽ ദേവീ-ദേവതാ ധർമ്മത്തിൽ പെട്ട മനുഷ്യരാണുള്ളത്. അഥവാ എല്ലാവരുടെയും കണക്കിരുന്ന് പറയുകയാണെങ്കിൽ എത്ര തലതല്ലേണ്ടി വരും. എന്നാൽ മനസ്സിലാക്കാൻ സാധിക്കും *നമ്പർവൈസായി* സമയമനുസരിച്ച് കുറച്ച്-കുറച്ച് ജന്മങ്ങളായിരിക്കും ലഭിച്ചിട്ടുണ്ടായിരിക്കുക. മുൻപ് മനുഷ്യൻ പട്ടിയും പൂച്ചയുമാകും എന്നാണ് കരുതിയിരുന്നത്. ഇപ്പോൾ ബുദ്ധിയിൽ രാവും പകലിന്റെയുമത്രയും അന്തരം വന്നിരിക്കുന്നു. ഇതെല്ലാം ധാരണ ചെയ്യേണ്ട കാര്യങ്ങളാണ്. ചുരുക്കത്തിൽ മനസ്സിലാക്കി തരുന്നു ഇപ്പോൾ 84 ജന്മങ്ങളുടെ ചക്രം പൂർത്തിയായിരിക്കുന്നു. ഇപ്പോൾ മോശമായ ശരീരത്തെ ഉപേക്ഷിക്കണം. ഇത് എല്ലാവരുടേതും പഴയ ജീർണ്ണിച്ച, തമോപ്രധാന ശരീരമാണ്, ഇതിനോടുള്ള മമത്വം ഇല്ലാതാക്കണം. പഴയ ശരീരത്തെ എന്തോർമ്മിക്കാനാണ്. ഇപ്പോൾ തന്റെ സത്യയുഗത്തിൽ ലഭിക്കാനിരിക്കുന്ന പുതിയ ശരീരത്തെ ഓർമ്മിക്കണം. മുക്തിധാമം വഴി സത്യയുഗത്തിൽ വരും. നമ്മൾ മുക്തജീവിതത്തിലേക്ക് പോകുന്നു

മറ്റെല്ലാവരും മുക്തിധാമത്തിലേക്ക് പോകുന്നു. ഇതിനെയാണ് ജയജയാരവമെന്ന് പറയുന്നത്, നിലവിളിക്ക് ശേഷം ജയജയാരവമുണ്ടാകണം. ഈ എല്ലാവരും തന്നെ മരിക്കും എന്തെങ്കിലും നിമിത്ത കാരണമായി മാറും. പ്രകൃതി ക്ഷോഭങ്ങളുണ്ടാകും. കേവലം സാഗരം മാത്രമല്ല എല്ലാ ഭൂഖണ്ഢങ്ങളെയും വിനാശപ്പെടുത്തുക. എല്ലാം വിനാശമാകുക തന്നെ വേണം. ബാക്കി ഭാരതം അവിനാശീ ഖണ്ഢം മാത്രം അവശേഷിക്കും എന്തുകൊണ്ടെന്നാൽ ഇതാണ് ശിവബാബയുടെ ജന്മസ്ഥലം. അങ്ങനെ ഇത് ഏറ്റവും വലിയ തീർത്ഥ സ്ഥാനമായിരിക്കുന്നു. ബാബ എല്ലാവരുടെയും സദ്ഗതി ചെയ്യുന്നു, ഇത് ഒരു മനുഷ്യനും അറിയുന്നില്ല. അവർക്ക് അറിയാതിരിക്കുന്നതും *ഡ്രാമയിൽ* അടങ്ങിയിട്ടുള്ളതാണ്. അതുകൊണ്ടല്ലേ ബാബ പറയുന്നത് അല്ലയോ കുട്ടികളേ നിങ്ങൾക്ക് ഒന്നും അറിയില്ലായിരുന്നു, ഞാൻ തന്നെയാണ് നിങ്ങൾക്ക് രചയിതാവിന്റെയും രചനയുടെയും അഥവാ സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ മുഴുവൻ അന്തരവും മനസ്സിലാക്കി തരുന്നത്. ഇതിനെയാണ് ഋഷിമാരും മുനിമാരും അനന്തം, അനന്തമെന്ന് പറഞ്ഞ് പോയത്. 5 വികാരങ്ങൾ മുഴുവൻ ലോകത്തിന്റെയും ഏറ്റവും വലിയ ശത്രുക്കളാണെന്ന് മനസ്സിലാക്കുന്നില്ല. ആ രാവണനെ ഭാരതവാസി വർഷാ-വർഷം കത്തിച്ചുകൊണ്ടേ വരുന്നു. രാവണനെ അറിയുന്നില്ല എന്തുകൊണ്ടെന്നാൽ രാവണൻ ഭൗതീകവുമല്ല, ആത്മീയവുമല്ല. വികാരങ്ങൾക്ക് യാതൊരു രൂപവുമില്ല. മനുഷ്യർ കർമ്മത്തിലേക്ക് വരുമ്പോഴാണ് അറിയാൻ സാധിക്കുന്നത് ഇവരിൽ കാമത്തിന്റെ, ക്രോധത്തിന്റെ ഭൂതം വന്നിട്ടുണ്ട്. ഈ വികാരത്തിന്റെ *സ്റ്റേജിലും* ഉത്തമവും, മദ്ധ്യമവും, കനിഷ്ഠവുമുണ്ട്. ചിലരിൽ കാമത്തിന്റെ ലഹരി തീർത്തും തമോപ്രധാനമാകുന്നു, ചിലരുടേത് രജോയാണ്, ചിലരുടെ ലഹരി സതോയാണ്. ചിലർ ബാല ബ്രഹ്മചാരിയായും കഴിയുന്നുണ്ട്. ഇതും സംരക്ഷിക്കുക എന്നത് ഒരു പ്രശ്നമാണ് . ഏറ്റവും നല്ലതെന്ന് അവരെയാണ് പറയുക. സന്യാസിമാരിലും നല്ല ബാല ബ്രഹ്മചാരികളുണ്ട്. *ഗവൺമെന്റിനും* നല്ലതാണ്, ജനസംഖ്യ വർദ്ധിക്കില്ല. പവിത്രതയുടെ ശക്തി ലഭിക്കുന്നു. ഇത് ഗുപ്തമാണ്. സന്യാസിയും പവിത്രമായാണ് കഴിയുന്നുത്, ചെറിയ കുട്ടിയും പവിത്രമായാണ് കഴിയുന്നത്, വാനപ്രസ്ഥിയും പവിത്രമായാണ് കഴിയുന്നത്. അതുകൊണ്ട് പവിത്രതയുടെ ശക്തി ലഭിച്ചുകൊണ്ടേ വരുന്നു. കുട്ടികൾക്ക് ഇത്രയും സമയം പവിത്രമായി കഴിയണം ഇങ്ങനെ അവരുടെയും നിയമം നടക്കുന്നുണ്ട്. അപ്പോൾ ആ ശക്തിയും ലഭിക്കുന്നു. നിങ്ങളാണ് സതോ പ്രധാന പവിത്രം. ഈ അന്തിമ ജന്മം നിങ്ങൾ ബാബയോട് പ്രതിജ്ഞ ചെയ്യുന്നു. നിങ്ങൾ സത്യയുഗം സ്ഥാപിക്കുന്നവരാണ്. ആര് ചെയ്യുന്നോ അവർ പവിത്ര ലോകത്തിന്റെ അധികാരിയാകും, സംഖ്യാക്രമത്തിലുള്ള പുരുഷാർത്ഥമനുസരിച്ച്.

ഇത് ഈശ്വരീയ കുടുംബമാണ്. കൽപത്തിൽ ഒരു പ്രാവശ്യം നമ്മൾ ഈശ്വരനോടൊപ്പം കഴിയുന്നു. പിന്നീട് ദൈവീക കുലത്തിൽ ധാരാളം ജന്മങ്ങൾ ജീവിക്കും. ഈ ഒരു ജന്മം മാത്രമാണ് ദുർലഭം. ഈ ഈശ്വരീയ കുലമാണ് ഏറ്റവും ഉത്തമം. ബ്രാഹ്മണ കുലം ഏറ്റവും ഉയർന്ന കുടുമയാണ്. ഏറ്റവും താഴ്ന്ന കുലത്തിൽ നിന്ന് നമ്മൾ ബ്രാഹ്മണ കുലത്തിലേതായിരിക്കുന്നു. ശിവബാബ എപ്പോഴാണോ ബ്രഹ്മാവിനെ രചിച്ചത് അപ്പോഴാണ് ബ്രാഹ്മണനെയും രചിക്കുന്നത്. ആര് ബാബയുടെ സേവനത്തിൽ കഴിയുന്നോ അവർക്കെത്ര സന്തോഷമുണ്ടായിരിക്കും. നമ്മൾ ഈശ്വരന്റെ സന്താനമായിരിക്കുന്നു, ശ്രീമതത്തിലൂടെ നടന്നുകൊണ്ടിരിക്കുന്നു. തന്റെ പെരുമാറ്റത്തിലൂടെ ഈശ്വരന്റെ പേര് പ്രസിദ്ധമാക്കുന്നു. ബാബ പറയുന്നു അവർ ആസുരീയ ഗുണങ്ങളുള്ളവരാണ്, നിങ്ങൾ ദൈവീക ഗുണങ്ങളുള്ളവരായിക്കൊണ്ടിരിക്കുന്നു. എപ്പോൾ നിങ്ങൾ സമ്പൂർണ്ണമാകുന്നോ അപ്പോൾ നിങ്ങളുടെ പെരുമാറ്റം വളരെ നല്ലതാകും. ബാബ പറയും ഇതാണ് ദേവീക ഗുണങ്ങളുള്ളവർ, *നമ്പർവൈസ്* പുരുഷാർത്ഥമനുസരിച്ച്. ആസുരീയ ഗുണമുള്ളവരും *നമ്പർവൈസാണ്*. ബാല ബ്രഹ്മചാരിയുമുണ്ട്. സന്യാസി പവിത്രമായി കഴിയുന്നുണ്ടെങ്കിൽ വളരെ നല്ലതാണ്. ബാക്കി ഇവർക്ക് ആരുടെയും സദ്ഗതി ചെയ്യാൻ സാധിക്കില്ല. അഥവാ ഏതെങ്കിലും ഗുരുക്കൻമാർ സദ്ഗതി ചെയ്യുന്നവർ ഉണ്ടെങ്കിൽ കൂടെ കൊണ്ട് പോകും, പക്ഷെ അവർ സ്വയം തന്നെ ഉപേക്ഷിച്ച് പോകുന്നു. ഇവിടെ ഈ ബാബ പറയുന്നു ഞാൻ നിങ്ങളെ കൂടെ കൊണ്ട് പോകും. ഞാൻ വന്നിരിക്കുന്നത് തന്നെ നിങ്ങളെ കൂടെ കൊണ്ട് പോകുന്നതിനാണ്. അവർക്ക് കൊണ്ട് പോകാൻ സാധിക്കില്ല. സ്വയം ഗൃഹസ്ഥികളുടെ അടുക്കൽ ജന്മമെടുത്തുകൊണ്ടിരിക്കുകയാണ്. സംസ്ക്കാരം കാരണം വീണ്ടും സന്യാസിമാരുടെ കൂട്ടത്തിലേക്ക് പോകുന്നു. നാമവും രൂപവും ഓരോ ജന്മത്തിലും മാറിക്കൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ ഇവിടുത്തെ പുരുഷാർത്ഥമനുസരിച്ചാണ് പദവി ഉണ്ടാകുന്നതെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. അവിടെ നമ്മൾ ഈ പദവി എങ്ങനെയാണ് നേടിയതെന്ന് അറിയില്ല. ഇത് ഇപ്പോഴാണ് അറിയുന്നത് ആര് കൽപം മുൻപ് ഏതുപോലെ പുരുഷാർത്ഥം ചെയ്തിട്ടുണ്ടായിരുന്നോ, അതുപോലെ തന്നെയായിരിക്കും ചെയ്യുക. അവിടെ വിവാഹമെല്ലാം എങ്ങനെയാണ് നടക്കുന്നതെന്ന് കുട്ടികളെ സാക്ഷാത്ക്കാരവും ചെയ്യിച്ചിട്ടുണ്ട്. വലിയ-വലിയ മൈതാനവും, പൂന്തോട്ടങ്ങളുമെല്ലാം ഉണ്ടായിരിക്കും. ഇപ്പോഴാണെങ്കിൽ ഭാരതത്തിൽ മാത്രം കോടികളുടെ ജനസംഖ്യയുണ്ട്. അവിടെ കുറച്ച് ലക്ഷം മാത്രമായിരിക്കും ഉണ്ടായിരിക്കുക. അവിടെ ഒരിക്കലും ഇത്രയും നിലകളുള്ള

കെട്ടിടമുണ്ടായിരിക്കില്ല. ഇത് ഇപ്പോഴുള്ളതാണ് എന്തുകൊണ്ടെന്നാൽ സ്ഥലമില്ല. അവിടെ ഇത്രയും തണുപ്പുണ്ടായിരിക്കില്ല. അവിടെ ദുഃഖത്തിന്റെ അടയാളം പോലുമില്ല. പർവ്വതങ്ങളിലേക്ക് പോകേണ്ട തരത്തിൽ വളരെയധികം ചൂടും ഉണ്ടായിരിക്കില്ല. പേര് തന്നെ സ്വർഗ്ഗം എന്നാണ്. ഈ സമയം മനുഷ്യർ മുൾക്കാട്ടിൽ പെട്ടിരിക്കുകയാണ്. എത്രത്തോളം സുഖത്തെ ആഗ്രഹിക്കുന്നോ അത്രയും ദുഃഖം കൂടിക്കൊണ്ടേയിരിക്കുന്നു. ഇപ്പോൾ വളരെയധികം ദുഃഖമുണ്ടാകും. യുദ്ധമുണ്ടായാൽ രക്തപ്പുഴ കളൊഴുകും. ശരി.

ഈ മുരളി എല്ലാ കുട്ടികളുടെയും മുന്നിൽ കേൾപ്പിച്ചു. സന്മുഖത്ത് കേൾക്കുന്നത് *നമ്പർവൺ*, ടേപ്പ് വഴി കേൾക്കുന്നത് *നമ്പർ ടു*, മുരളി വായിക്കുന്നത് *നമ്പർ ത്രീ* സതോപ്രധാനം, സതോ പിന്നെ രജോ. തമോ എന്ന് പറയില്ല. *ടേപ്പിൽ* അതുപോലെ തന്നെ വരുന്നു. ശരി!

ബാപ്ദാദയുടെയും മധുരമായ മാതാവിന്റെയും വളരെക്കാലത്തിനു ശേഷം തിരികെ കിട്ടിയ കുട്ടികൾക്ക് സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ പെരുമാറ്റത്തിലൂടെയും ദൈവീക ഗുണങ്ങളിലൂടെയും ബാബയുടെ പേര് പ്രസിദ്ധമാക്കണം. ആസുരീയ അവഗുണം ഇല്ലാതാക്കണം.

2) ഈ പഴയ ജീർണ്ണിച്ച ശരീരത്തിൽ മമത്വം വെയ്ക്കരുത്. പുതിയ സത്യയുഗീ ശരീരത്തെ ഓർമ്മിക്കണം. പവിത്രതയുടെ ഗുപ്തമായ സഹായം ചെയ്യണം.

## വരദാനം:- ആത്മീയതയുടെ ശക്തിയിലൂടെ ദൂരെയിരിക്കുന്ന ആത്മാക്കൾക്ക് സമീപത യുടെ അനുഭവം ചെയ്യിക്കുന്ന മാസ്റ്റർ സർവശക്തിവാൻ ഭവ

സയൻസിന്റെ സാധനങ്ങളിലൂടെ ദൂരത്തുള്ള ഓരോ വസ്തുവും സമീപത്തായി അനുഭവമാകുന്ന പോലെ ഇങ്ങനെ ദിവ്യബുദ്ധിയിലൂടെ ദൂരത്തെ വസ്തു സമീപം അനുഭവം ചെയ്യാൻ കഴിയുന്നു. കൂടെ കഴിയുന്ന ആത്മാക്കളെ സ്പഷ്ടമായി കാണുകയും സംസാരിക്കുകയും സഹയോഗം കൊടുക്കുകയും എടുക്കു കയും ചെയ്യുന്നതു പോലെ ആത്മീയതയുടെ ശക്തിയിലൂടെ ദൂരെ കഴിയുന്ന ആത്മാക്കൾക്കു സമീപത യുടെ അനുഭവം ചെയ്യിക്കാൻ കഴിയും. ഇതിനായി കേവലം മാസ്റ്റർ സർവശക്തിവാൻ, സമ്പന്നവും സമ്പൂർണവുമായ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ, സങ്കൽപശക്തിയെ സ്വച്ഛമാക്കൂ.

## സ്ലോഗൻ:- തന്റെ ഓരോ സങ്കൽപം, വാക്ക്, കർമത്തിലൂടെ മറ്റുള്ളവർക്ക് പ്രേരണ നൽകുന്നവർ തന്നെയാണ് പ്രേരണാമൂർത്തികൾ